കൊരട്ടി ഗാന്ധിഗ്രാം ത്വക്ക് രോഗാശുപത്രി

51 (716) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊരട്ടി ഗാന്ധിഗ്രാം ത്വക്ക് രോഗാശുപത്രിയിലെ അന്തേവാസികൾക്ക് പഞ്ചസാര ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) ഇവരുടെ വസ്ത്രം, ചെരിപ്പ് എന്നിവയുള്ള ധനസഹായം കാലാനുസൃതമായി പരിഷ്കരിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കൊരട്ടി ഗാന്ധിഗ്രാം ത്വക്ക് രോഗാശുപത്രിക്ക് നിലവിൽ APL പെർമിറ്റുകാർക്കാണ് പഞ്ചസാര അനുവദിച്ചിട്ടുള്ളത്. APL പെർമിറ്റുകാർക്ക് പഞ്ചസാര അനുവദിക്കുന്നില്ല. സ്ഥാപനത്തിന്റെ നിലവിലെ APL പെർമിറ്റ് BPL പെർമിറ്റായി മാറ്റുന്നതിനുള്ള അനുമതിക്കായി സിവിൽ സപ്ലൈസ് ഡയറക്ടറുടെ കത്ത് സർക്കാരിൽ ലഭിച്ചിട്ടുണ്ട്.

(ബി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

നെന്മാറ സർക്കാർ ആശുപത്രി

52 (717) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെന്മാറ നിയോജകമണ്ഡലത്തിലെ വിവിധ സർക്കാർ ആശുപത്രികളിൽ ഡോക്ടർമാരുടെയും ജീവനക്കാരുടെയും എത്ര തസ്തികകൾ ഒഴിഞ്ഞ് കിടക്കുന്നുണ്ട് ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഇത്തരത്തിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ നികത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) നെന്മാറ നിയോജകമണ്ഡലത്തിലെ വിവിധ സർക്കാർ ആശുപത്രികളിലെ ഡോക്ടർമാരുടെയും ജീവനക്കാരുടെയും ഒഴിവുകളുടെ വിവരം ചുവടെ ചേർക്കുന്നു :

1. പ്രാഥമിക ആരോഗ്യ കേന്ദ്രം, എലവഞ്ചേരി

ആശുപത്രി അറ്റൻഡന്റ് ഗ്രേഡ്-II - 1

ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ - 2

ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സസ് - 2

LIBRARY ARCHIVES Kerala Legislative Assembly